**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2173** **06.02.2019**- ൽ മറുപടിയ്ക്ക്

**വയോ മധുരം പദ്ധതി**

ചോദ്യം

ശ്രീ.കെ.സുരേഷ് കുറുപ്പ്.

മറുപടി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വനിത-ശിശുവികസനവും
വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | പ്രമേഹ രോഗികളായ വയോജനങ്ങൾക്കുവേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന വയോമധുരം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്തെ 60 വയസ്സ് കഴിഞ്ഞിട്ടുള്ള ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വയോജനങ്ങൾക്ക് പ്രമേഹ രോഗത്തോടനുബന്ധിച്ച് രക്തത്തിൽ ഗ്ലൂക്കോസിന്റെ അളവ് നിർണ്ണയിക്കുന്ന ഗ്ലൂക്കോ മീറ്റർ സൗജന്യമായി ഓരോ ജില്ലയിലും 1000 പേർക്ക് വീതം വിതരണം ചെയ്യുന്ന പദ്ധതിയാണ് 'വയോ മധുരം പദ്ധതി.' ഗ്ലൂക്കോമീറ്റർ ഒന്നിന് 385/- രൂപ ക്രമത്തിൽ സർക്കാർ അംഗീകൃത മെഡിക്കൽ ഉപകരണങ്ങളുടെ വിതരണ ഏജൻസിയായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും പ്രസ്തുത ഗ്ലൂക്കോ മീറ്റർ ജില്ലാ സാമൂഹ്യനീതി കാര്യാലയം മുഖേന വിതരണം ചെയ്യുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രയോജനം എത്ര പേർക്ക് ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | 2018-19 സാമ്പത്തിക വർഷം വയോമധുരം പദ്ധതിയുടെ ആദ്യഘട്ടമായി ഒരു ജില്ലയിൽ 400 ഗുണഭോക്താക്കൾക്ക് വീതം മൊത്തം 5600 പേർക്ക് (14 ജില്ലകൾക്കുമായി ആകെ 5600 (400 x 14=5600) ഗ്ലൂക്കോ മീറ്ററുകൾ) ടി പദ്ധതിയുടെ പ്രയോജനം ഇതിനകം ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**